(ബി) ഉണ്ട്. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് വകുപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് വകുപ്പ് പൊതുവിതരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ

15(*45) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നടപ്പിലാക്കാൻ വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. 2012 ജൂലൈ മാസം ഈ പദ്ധതിക്ക് ഭാരത സർക്കാരിന്റെ നഗരവികസന മന്ത്രാലയം അനുമതി നൽകി. 2013 ജൂണിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും (KMRL) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും (DMRC) തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം മെട്രോയുടെ മുഴുവൻ ടെണ്ടർ, നിർമ്മാണം, മേൽനോട്ടം തുടങ്ങിയവ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ആണ് നടത്തിവരുന്നത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും, ഫ്രഞ്ച് ധനകാര്യ ഏജൻസിയായ ഏജൻസ് ഫ്രാങ്കൈസ് ഡി ഡവലപ്മെന്റ് (AFD), കാനറ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ

LIBRARY ARCHIVES Kerala Legislative Assembly

KMRL-ന് ലഭിക്കുന്നു. പദ്ധതിക്കാവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഏകദേശം 99 ശതമാനം ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലിയിൽ ഏകദേശം 68 ശതമാനം പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. സിസ്റ്റം സംബന്ധിച്ച എല്ലാ കരാറുകളും നൽകുകയും അതിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ മെട്രോയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് ജോലികളായ മേൽപ്പാലങ്ങളുടെ നിർമ്മാണം, റോഡ് വീതികൂട്ടൽ, കാനകൾ വൃത്തിയാക്കൽ, ഇടറോഡുകളുടെ പുനരുദ്ധാരണം, ദിശാസൂചകങ്ങൾ (signage) സ്ഥാപിക്കൽ, നടപ്പാതകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും KMRL ഏറ്റെടുത്ത് നടത്തുന്നുണ്ട്.

പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള മെട്രോയുടെ തുടർ വികസനത്തിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു. ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ ലൈനിന് സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിക്കുവേണ്ടിയുള്ള നടപടി ക്രമങ്ങൾ നടത്തിവരുന്നു.

കൊച്ചി നഗരത്തിൽ എല്ലാ യാത്രാസംവിധാനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സംയോജിത നഗര ഗതാഗത അതോറിറ്റി (UMTA) സ്ഥാപിക്കുന്നതിനുള്ള നിയമ നിർമ്മാണ നടപടികൾ നടന്നുവരുന്നു.

ജർമ്മൻ ഫണ്ടിംഗ് ഏജൻസിയായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (KfW)-ന്റെ സാമ്പത്തിക സഹായത്തോടെ കൊച്ചി നഗരത്തിനു ചുറ്റുമുള്ള ജലഗതാഗത സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മെട്രോ റെയിൽ കണക്ടിവിറ്റിക്കും റോഡിലെ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും ഇതുമൂലം കഴിയും.

(ബി) കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള അനുമതി പ്രകാരം, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയാണ്. ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും 708.85 കോടി രൂപ ഓഹരി ആയും, 152.59 കോടി രൂപ കീഴ്ടം ആയും, 426.43 കോടി രൂപ ദീർഘകാല വായ്പയുടെ (ഫ്രഞ്ച് വികസന ഏജൻസി) പാസ് ത്രൂ അസ്സിസ്റ്റൻസ് ആയും ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതിക്ക് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള അനുമതി പ്രകാരം 2017 ജൂണിൽ ആണ് ഈ പദ്ധതി കമ്മീഷൻ ചെയ്യേണ്ടത്. പക്ഷേ കേരള സർക്കാർ ഈ പദ്ധതിയുടെ ആദ്യ ഘട്ടം അടുത്ത വർഷവും (2016) രണ്ടാം ഘട്ടം 2017-ലും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly